

# വെൽവറ്റ് ആപ്പിൾ (Velvet Apple)

ഫിലിപ്പൈൻസിലാണ് ഉത്ഭവം എന്നു കരുതപ്പെടുന്നു. പഴത്തിനായും തണലിനായും ലാൻഡ്സ്കേപ്പിങ്ങിന്റെ ഭാഗമായും വളർത്താം. ശാഖാകക്ഷങ്ങളിലും ശാഖാഗ്രങ്ങളിലുമായി വെളുത്ത നിറത്തിൽ പൂക്കളുണ്ടാകുന്നു. തേനീച്ച പോലെ പരാഗണത്തിനു സഹായിക്കുന്ന ജീവികളുണ്ടെങ്കിൽ നല്ല തോതിൽ കായ്പിടുത്തം ഉറപ്പ്. മൂപ്പെത്തുമ്പോൾ പഴങ്ങൾക്ക് ആപ്പിളിന്റെ വലുപ്പവും ഓറഞ്ച് കലർന്ന ചുവപ്പ് നിറവുമായിരിക്കും. പുറന്തൊലി വെൽവറ്റ് പോലെയിരിക്കും. പഴത്തിന്റെ ഉൾഭാഗത്തിന് ഗന്ധമൊന്നുമില്ലെങ്കിലും പുറന്തോടിന് ചീസിനോടു സാമ്യമുള്ള ഗന്ധമായിരിക്കും. ഉൾഭാഗത്തെ പൾപ്പിന് വെള്ള കലർന്ന ക്രീം നിറമായിരിക്കും. അകമേ വലുപ്പമുള്ള 3 – 4 വിത്തുകൾ ഉണ്ടായിരിക്കുകയും ചെയ്യും.

# വെള്ള ഞാവൽ (White Jamun)

ഏഷ്യയിലെ ഉഷ്ണമേഖലാ, മിതോഷ്ണ മേഖലാ പ്രദേശങ്ങളിൽ ഉത്ഭവിച്ച വെള്ളഞാവൽ വർഷത്തിൽ ഒന്നിലധികം പ്രാവശ്യം വിളവു തരും. വളരെ വേഗത്തിൽ വളരുമെങ്കിലും ഉണക്കിനെ അതിജീവിക്കുന്നതിനു മിതമായ രീതിയിലേ സാധിക്കൂ. ഇവയുടെ പൂവും തേനും തേനീച്ച വളർത്തലിനു നല്ലതാണ്. ലാൻഡ്സ്കേപ്പിങ്ങിന്റെ ഭാഗമാക്കാനും പഴച്ചെടിയായി വളർത്തുന്നതിനും ഉത്തമം. നീണ്ടുരണ്ടു കായ്കളിൽ നിന്നു കുരു നീക്കം ചെയ്തശേഷം തൊലിയോടെ ഭക്ഷിക്കുന്നതാണ് രീതി. നീർവാർച്ചയുള്ള മണ്ണും നല്ല സൂര്യപ്രകാശവും മികച്ച വളർച്ചയ്ക്കും നല്ല വിളവിനും ആവശ്യമാണ്.

